**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ജലജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചതിന് ശേഷം പുനർനിർമ്മിക്കാൻ വൈകുന്നത് സംബന്ധിച്ച അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജല ജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയിട്ടുള്ള ഓരോ പദ്ധതിയും പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളു. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും റോഡ് പുന:സ്ഥാപനത്തിനു (മറ്റുപ്രവർത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ റോഡുകളുടെ പുന:സ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുന:സ്ഥാപനത്തിന് |

| | | | |
|---|---|---|---|
| | | | ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുന:സ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുന:സ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾക്കൊഴികെ) അംഗീകാരം ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് റോഡ് പുന:സ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. |
| (ബി) | റോഡുകൾ നന്നാക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുകയും നന്നാക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏല്പിക്കുകയും ചെയ്യുന്ന സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | റോഡുകൾ നന്നാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ നിലവിൽ നിർവഹണ ഏജൻസികൾ കരാർ നല്കിയിട്ടില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നടപ്പിലാക്കാം. പ്രസ്തുത പ്രവൃത്തിയുടെ ബിൽ തുക JJM-PFMS മുഖാന്തിരം കരാറുകാരന് നൽകുന്ന തരത്തിലാണ് നിലവിലെ സംവിധാനം. |

സെക്ഷൻ ഓഫീസർ